# ഹമാസിനെ അടുത്തറിയാൻ

**ഫലസ്ത്വീനിലെ** ഹമാസ് എന്ന സംഘടനയെക്കുറിച്ച് ഉപരിപ്ലവമായ കുറേ വിവരങ്ങളാണ് നമ്മുടെ പക്കലുള്ളത്. ഇവയിലധികവും പകർന്നുതന്നിട്ടുള്ളതാകട്ടെ പാശ്ചാത്യ മാധ്യമങ്ങളും. ഹമാസ് പറഞ്ഞുവിടുന്ന മനുഷ്യ ബോംബുകളുടെ കഥകൾ, ഹമാസ്-പി.എൽ.ഒ പോര്, തെരഞ്ഞെടുപ്പ് വിജയം, ഗസ്സയിൽ പ്രസിഡന്റിനെ പുറത്താക്കി അധികാരം പിടിച്ചെടുത്തത്... ഇതെല്ലാം കണ്ടും വായിച്ചും കഴിയുമ്പോൾ ഇതൊരു ഭീകര സംഘം തന്നെ എന്ന് വായനക്കാർ/ പ്രേക്ഷകർ ഉറപ്പിച്ചു കഴിഞ്ഞിട്ടുണ്ടാവും. ഇത്തരം അബദ്ധജടിലമായ ലളിതവത്കരണങ്ങൾക്കുള്ള മറുപടിയാണ് ഫലസ്ത്വീനിയൻ ചിന്തകനും ചരിത്രകാരനുമായ അസ്സാം തമീമിയുടെ 'ഹമാസ് -അകത്തുനിന്ന് ഒരു ചരിത്രം' എന്ന കൃതി.

സ്തുതികീർത്തനങ്ങൾ നിറഞ്ഞ ഒരു കൃതിയല്ല ഇത്. ഹമാസിന്റെ ഉത്ഭവവും വളർച്ചയും രാഷ്ട്രീയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ്. ഹമാസിന്റെ ആഭ്യന്തര പ്രശ്നങ്ങളും ഇതിൽ കടന്നുവരുന്നു. ഇസ്രയേലിന്റെ വർധിച്ച തോതിലുള്ള അതിക്രമങ്ങളാണ് ഹമാസിന്റെ നിലനിൽപും ജനസ്വീകാര്യതയും ഉറപ്പുവരുത്തിയത് എന്നാണ് ഗ്രന്ഥകാരന്റെ കണ്ടെത്തൽ.

1967-ലെ അറബ്-ഇസ്രയേൽ യുദ്ധത്തോടെ അജയ്യമെന്ന് തോന്നിച്ച പാൻ-അറബിക് നാസറിസം തകർന്നടിഞ്ഞു. ഫലസ്ത്വീനിലും മറ്റു അറബ് നാടുകളിലും സൃഷ്ടിക്കപ്പെട്ട ഈ ശൂന്യതയിലേക്കാണ് അൽ ഇഖ്വാനുൽ മുസ്ലിമൂൻ കടന്നു ചെല്ലുന്നത്. യുവാക്കളിൽ മതബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇഖ്വാൻ ഫലസ്ത്വീനിൽ പ്രവർത്തിച്ചു തുടങ്ങിയത്. അവർ ധാരാളം പള്ളികളും ഇസ്ലാമിക കലാലയങ്ങളും സ്ഥാപിച്ചു. ഈ സംഘടന തങ്ങൾക്ക് ഭീഷണിയായിത്തീരുമെന്ന് ഇസ്രയേൽ ഒരിക്കലും കരുതിയില്ല. 'അക്കാലത്ത് ഇസ്രയേൽ ഇഖ്വാനെ പിന്തുണച്ചിരുന്നില്ലെന്നത് നേരാണ്. നിരുപദ്രവമെന്ന് തോന്നുന്ന ഈ മതപ്രവർത്തനങ്ങളെ അവർ തടയാനും പോയില്ല.'

ക്രമേണ മത-സാംസ്കാരിക രംഗങ്ങളിലെ അവഗണിക്കാനാവാത്ത സ്വാധീനശക്തിയായിത്തീർന്നു ഇഖ്വാൻ. സംഘടന വ്യക്തികളുടെ സംസ്കരണത്തിൽ മാത്രം ഊന്നൽ കൊടുത്താൽ പോരെന്നും അധിനിവേശത്തിനെതിരിൽ ശക്തമായ നിലപാടുകൾ എടുക്കേണ്ടതുണ്ടെന്നും പിൽക്കാലത്ത് അഭിപ്രായമുയർന്നു. അങ്ങനെയാണ് ഇൻതിഫാദയും അതിനോടൊപ്പം ഹമാസും പിറക്കുന്നത്. ഇൻതിഫാദ- ചെറുത്തുനിൽപ്- ഹമാസിന് 'ദൈവം നൽകിയ വരദാനമാണ്' എന്നാണ് അസ്സാം തമീമിയുടെ പക്ഷം. ഇൻതിഫാദ ആർജിച്ച ജനസ്വീകാര്യത പി.എൽ.ഒയെയും ഇസ്രയേലിനെയും ഒരുപോലെ അങ്കലാപ്പിലാക്കി. ഇത് കേവലം വൈകാരിക പ്രകടനമാണെന്നും ഏതാനും ദിവസങ്ങൾക്കകം കെട്ടടങ്ങിക്കൊള്ളും എന്നുമുള്ള ഇസ്രയേലിന്റെ കണക്കുകൂട്ടലുകൾ അപ്പാടെ തെറ്റി. ഇൻതിഫാദയുടെ യഥാർഥ ഉറവിടം കണ്ടെത്തുന്നതിലും ഇസ്രയേൽ പരാജയപ്പെട്ടു. ഇത് ഹമാസിന്റെ ജനകീയാടിത്തറ ഭദ്രമാവാൻ നിമിത്തമായി.

ഹമാസ്-പി.എൽ.ഒ താരതമ്യമാണ് പുസ്തകത്തിലെ മറ്റൊരു മുഖ്യപ്രമേയം. അർപ്പണബോധമുള്ളവരും അഴിമതിയുടെ കറപുരളാത്തവരും ജനങ്ങളുമായി ഉറ്റ ബന്ധം നിലനിർത്തുന്നവരുമാണ് ഹമാസ് നേതാക്കളും പ്രവർത്തകരും. "പണമുണ്ടാക്കാനോ സ്ഥാനമാനങ്ങൾ കൈയടക്കാനോ ആരും ഹമാസിൽ ചേരുന്നില്ല... ഹമാസിന് സംഭാവന കൊടുക്കുന്നവർക്കറിയാം, അതിൽ വളരെ ചെറിയൊരു വിഹിതമേ സൈനികാവശ്യങ്ങൾക്ക് നീക്കിവെക്കുന്നുള്ളൂ എന്ന്." നേരെമറിച്ചാണ് പി.എൽ.ഒ നേതാക്കളുടെ സ്ഥിതി. അഴിമതിയിൽ മുങ്ങിക്കുളിച്ച പി.എൽ.ഒ നേതാക്കളെ ജനം കൈവിടുകയായിരുന്നു.

ഭീകരമെന്ന് നിരന്തരം മുദ്രകുത്തപ്പെടുന്ന ഒരു സംഘടനയുടെ ആദർശവും ചരിത്രവും നയനിലപാടുകളും അടുത്തറിയാൻ ഉപകരിക്കുന്ന കൃതി.

Hamas - A History from within, By Azzam Tamimi (Olive Branch press, Northampton, Massachusetts, 2007) ■

# വിവരോൽപാദക രാഷ്ട്രമാവാൻ സുഊദി

**അറിവാണ്** ശക്തി എന്ന് മുസ്ലിംലോകവും തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. സുഊദി അറേബ്യയിൽ ആരംഭിക്കാൻ പോകുന്ന ദ കിംഗ് അബ്ദുല്ല യൂനിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി (KAUST) ആ ദിശയിലുള്ള നല്ലൊരു ചുവടുവെപ്പാണ്. പേര് സൂചിപ്പിക്കുന്നതുപോലെ അവിടത്തെ ഭരണാധികാരി അബ്ദുല്ലാ രാജാവിന്റെ ചിരകാലാഭിലാഷമാണ് ഈ പദ്ധതി. ബിരുദാനന്തര പഠനത്തിനും ഗവേഷണപഠനങ്ങൾക്കും മാത്രമായിട്ടായിരിക്കും ഈ യൂനിവേഴ്സിറ്റി. ലോകത്തിന്റെ ഏതു ഭാഗത്തുമുള്ള മികച്ച ശാസ്ത്ര വിദ്യാർഥികൾക്ക് ഏറ്റവും നൂതനമായ ശാസ്ത്രപഠനം സാധ്യമാക്കുകയാണ് ലക്ഷ്യം. സ്റ്റൈപ്പന്റും താമസസൗകര്യങ്ങളും നൽകും.

ചെങ്കടൽ തീരത്തെ റാബിഗ് മേഖലയിൽ യൂനിവേഴ്സിറ്റി നഗരവും കാമ്പസും പണിയുന്നതിന് അബ്ദുല്ലാ രാജാവ് മൂന്ന് ബില്യൻ അമേരിക്കൻ ഡോളർ നൽകും. നടത്തിപ്പിനായി നീക്കിവെക്കുന്നത് പത്ത് ബില്യൻ അമേരിക്കൻ ഡോളർ. നിലവിൽ വരുന്നതോടെ ലോകത്തെ ഏറ്റവും സമ്പന്നമായ യൂനിവേഴ്സിറ്റിയായിത്തീരും ഇത്. യൂനിവേഴ്സിറ്റി സമുച്ചയത്തിനായി 3,200 ഏക്കർ ഭൂമിയാണ് നീക്കിവെച്ചിരിക്കുന്നത്.

ഊർജവും പരിസ്ഥിതിയും ബയോ സയൻസുകളും എഞ്ചിനീയറിംഗും മെറ്റീരിയൽ സയൻസും എഞ്ചിനീയറിംഗും അപ്ലൈഡ് മാത്തമാറ്റിക്സും കമ്പ്യൂട്ടേഷ

നൽ സയൻസും- തുടക്കത്തിൽ ഈ മേഖലകളിലായിരിക്കും ഗവേഷണ പഠനങ്ങൾ കേന്ദ്രീകരിക്കുക. സുഊദിയെ വികസിത രാഷ്ട്രങ്ങളെപ്പോലെ ഒരു വിവരോൽപാദക രാഷ്ട്രമാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. ഇതിന്റെ പ്രയോജനം പശ്ചിമേഷ്യക്ക് മൊത്തത്തിൽ ലഭ്യമാവും.

KAUST ഇപ്പോൾ തന്നെ വിദ്യാർഥികൾക്ക് 'ഡിസ്കവറി സ്കോളർഷിപ്പ്' നൽകിത്തുടങ്ങിയിട്ടുണ്ട്. അർഹരായ വിദ്യാർഥികൾക്ക് ഈ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തി അവരവരുടെ വിദ്യാലയങ്ങളിൽ പഠനം തുടരാം. 2009 സെപ്റ്റംബറിൽ യൂനിവേഴ്സിറ്റി നിലവിൽവരുമ്പോൾ അവർക്ക് അവിടെ ബിരുദാനന്തര വിദ്യാർഥികളായി ചേരാം. ലോകത്തെ ചില മികച്ച ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളുമായി KAUST കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. ഫ്രാൻസിലെ Institut Francais du Petrole, സിംഗപ്പൂരിലെ നാഷ്നൽ യൂനിവേഴ്സിറ്റി, മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവ അവയിൽപെടും. കൂടുതൽ വിവരങ്ങൾ www.kaust.edu.sa സൈറ്റിൽ ലഭ്യമാണ്. ■

## മില്ലി ഇത്തിഹാദ് പരിഷത്ത്

*ഹമേം ഖൈറാത്ത് നഹീ ചാഹിയേ, ഹുഖൂഖ് ചാഹിയേ...* ഞങ്ങൾക്ക് ദാനധർമങ്ങൾ വേണ്ട, അവകാശങ്ങൾ മതി- ജംഇയ്യത്തുൽ ഉലമായേ ഹിന്ദിന്റെ പശ്ചിമ ബംഗാൾ ഘടകം സെക്രട്ടറി സിദ്ദീഖുല്ലാ ചൗധരിയുടേതാണ് ഈ വാക്കുകൾ. ഇപ്പോൾ അദ്ദേഹം മില്ലി ഇത്തിഹാദ് പരിഷത്ത് (എം.ഐ.പി) എന്ന പൊതുവേദിയുടെ തലവൻ കൂടിയാണ്. വിദ്യാഭ്യാസ-ഉദ്യോഗതലങ്ങളിൽ മുസ്‌ലിംകൾ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന സംസ്ഥാനങ്ങളിലൊന്നായ പശ്ചിമ ബംഗാളിൽ, മുസ്‌ലിം ന്യൂനപക്ഷത്തിന്റെ അവകാശ സംരക്ഷണത്തിന് പുതുതായി രൂപം കൊണ്ടതാണ് ഈ വേദി. ജംഇയ്യത്തുൽ ഉലമാക്ക് പുറമെ ജമാഅത്തെ ഇസ്‌ലാമി, അഹ്‌ലെ ഹദീസ്, മില്ലി കൗൺസിൽ, സുന്നത്തുൽ ജമാഅത്ത്, ശീഈ ഇസ്നാ അശരി, മുസ്‌ലിം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സംഘടനകളും ഇതിൽ പങ്കാളികളാണ്. മജ്‌ലിസെ മുശാവറയുടെ പിന്തുണയും വേദിക്കുണ്ട്. രാഷ്ട്രീയ ഭിന്നതകൾ മറന്ന് സംരംഭവുമായി സഹകരിക്കാമെന്ന് വിവിധ മുസ്‌ലിം രാഷ്ട്രീയ നേതാക്കൾ വാക്കുകൊടുത്തിട്ടുമുണ്ട്.

'പ്രത്യയശാസ്ത്രം ഇവിടെ പ്രശ്നമല്ല. കക്ഷിരാഷ്ട്രീയത്തിന് അതീതമായ ഒരു വേദിയാണിത്. സമുദായതാൽപര്യം സംരക്ഷിക്കുന്നതിനായി വിവിധ മുസ്‌ലിം സംഘടനകളെ ഒരുമിപ്പിച്ചുനിർത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്'- മുസ്‌ലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വക്താവ് സൽമാൻ ഖുർശിദ് പറഞ്ഞു. പരിഷത്ത് നേതാക്കൾ ബംഗാളിലെ ഇടതുമുന്നണി കൺവീനർ ബിമൻ ബോസിനെ കണ്ട് തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കാൻ പാർട്ടിയും ഗവൺമെന്റും ശ്രമിക്കുമെന്നാണ് ബിമൻ ഉറപ്പു നൽകിയിരിക്കുന്നത്. പ്രദേശ് കോൺഗ്രസ് കമ്മിറ്റി വർക്കിംഗ് പ്രസിഡന്റ് പ്രദീപ് ഭട്ടാചാര്യയെയും അവർ സന്ദർശിച്ചു.

'ഗവൺമെന്റ് എന്തൊക്കെ വാഗ്ദാനങ്ങൾ നൽകിയോ അതെല്ലാം കടലാസിൽ തന്നെ കിടക്കുകയാണ്. വിദ്യാഭ്യാസം, മുസ്‌ലിം വിദ്യാലയങ്ങളുടെ അംഗീകാരം, ആരോഗ്യ പദ്ധതികൾ, മുസ്‌ലിം വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം, ഭവനനിർമാണം ഇപ്പറഞ്ഞതൊന്നും നടപ്പായില്ല. ഞങ്ങൾ നിരാശരാണ്. ഭരണമുന്നണിയിലെ മുസ്‌ലിം നേതാക്കളും സമുദായത്തിനു വേണ്ടി ഒന്നും ചെയ്യുന്നില്ല'-മില്ലി കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ശഹൂദ് ആലം പരിഭവിച്ചു.

പശ്ചിമ ബംഗാളിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ഇനി മാസങ്ങളേ ബാക്കിയുള്ളൂ. മുസ്‌ലിംപ്രശ്നങ്ങളെ കണ്ടില്ലെന്നു നടിച്ച് ഇനിയും ഭരണകക്ഷിക്ക് മുന്നോട്ടുപോകാനാവില്ലെന്നാണ് എം.ഐ.പിയുടെ രൂപവത്കരണം നൽകുന്ന സൂചന. ■

## 'കൊസോവ ഡിസംബർ പത്തിന് സ്വതന്ത്ര രാഷ്ട്രമാവും'

**കൊസോവാ** പ്രവിശ്യ വരുന്ന ഡിസംബർ പത്തിന് സ്വതന്ത്ര രാഷ്ട്ര പ്രഖ്യാപനം നടത്തുമെന്ന് കൊസോവ പ്രധാനമന്ത്രി അജീം ചെക്കോ. 'ഈ തീയതിക്കു ശേഷം ഞങ്ങൾ ഒരു ദിവസം പോലും കാത്തിരിക്കില്ല. പാർലമെന്റിലൂടെ ഞങ്ങൾ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്താൻ പോവുകയാണ്. ഇക്കാര്യം ഐക്യരാഷ്ട്ര രക്ഷാസമിതിവഴി നടക്കാൻ വളരെ പ്രയാസമാണ്'- അദ്ദേഹം പറഞ്ഞു.

ബാൾക്കൻ മേഖലയിൽ വംശീയ യുദ്ധത്തിന് ഇന്ധനം പകർന്ന സെർബിയൻ സൈന്യം മുസ്‌ലിം ഭൂരിപക്ഷ പ്രവിശ്യയായ കൊസോവയിലും ഭീകരതാണ്ഡവമാടിയിരുന്നു. 1999-ൽ യു.എൻ സേന ഇടപെട്ടാണ് സെർബിയൻ സൈന്യത്തെ പുറത്താക്കിയത്. അന്നു മുതൽ പ്രവിശ്യ യു.എൻ മേൽനോട്ടത്തിലാണ്. കൊസോവയെ സ്വതന്ത്ര രാജ്യമായി പ്രഖ്യാപിക്കാൻ അനുവദിക്കുമെന്നായിരുന്നു പൊതുവെ പ്രതീക്ഷിക്കപ്പെട്ടിരുന്നത്. പക്ഷേ, സ്വാതന്ത്ര്യ പ്രഖ്യാപനം വൈകിപ്പിക്കുന്ന തന്ത്രമാണ് യൂറോപ്യൻ യൂനിയൻ നേതാക്കൾ സ്വീകരിച്ചത്.

ഇതിൽ മനംമടുത്താണ് കൊസോവ പ്രധാനമന്ത്രിയുടെ പ്രഖ്യാപനം. 'കൊസോവ തെറ്റായ വഴിയിലൂടെ നീങ്ങിയാൽ സെർബിയ സൈനികാക്രമണത്തിനൊന്നും മുതിരുകയില്ല' എന്നായിരുന്നു ഇതിനോടുള്ള സെർബിയൻ പ്രസിഡന്റിന്റെ പ്രതികരണം. 'മറ്റു രാഷ്ട്രങ്ങളിലും ചില ഒഴിഞ്ഞുപോക്കുകൾ ഉണ്ടാവും' എന്ന് ഭീഷണിപ്പെടുത്താനും അദ്ദേഹം മറന്നില്ല. ബോസ്നിയയിലെ സെർബിയൻ മേഖല അടർത്തിയെടുക്കും എന്ന് സൂചന. കൊസോവ വിഭജിക്കണം എന്ന ആശയത്തിന് പിന്തുണ കിട്ടാനായി സെർബിയൻ വിദേശകാര്യ മന്ത്രി ഈയിടെ യൂറോപ്യൻ പര്യടനത്തിനിറങ്ങുകയുണ്ടായി. ഈ ആശയത്തിനു പിന്നിൽ യൂറോപ്യൻ യൂനിയൻ നേതാക്കളാണെന്നു വ്യക്തം. ■